REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അഞ്ചു രാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നമീബിയയിലെ വിൻഡ്ഹോക്കിൽ എത്തും.**
- **സംസ്ഥാനത്തെ നിപ സമ്പർക്കപ്പട്ടികയിൽ 485 പേരാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ്.**
- **പ്രതിപക്ഷ സംയുക്ത ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും ആഹ്വാനം ചെയ്ത 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടങ്ങി. ഡയസ്നോൺ പ്രഖ്യാപിച്ച് സംസ്ഥാന ഗവൺമെന്റ്.**
- **2023-ലെ സംസ്ഥാന ജൈവവൈവിധ്യ-സംരക്ഷണ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.**
- **ചരിത്രപ്രസിദ്ധമായ ആലപ്പുഴ ചമ്പക്കുളം മൂലം ജലോത്സവം ഇന്ന്.**

## വാർത്തകൾ വിശദമായി

അഞ്ചു രാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നമീബിയയിലെ വിൻഡ്ഹോക്കിൽ എത്തും. പ്രസിഡന്റ് നിതൊംബോ നാൻദി ദാത്വായുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ ആദ്യ നമീബിയൻ സന്ദർശനം. മൂന്ന് പതിറ്റാണ്ടിനുശേഷം അവിടെയെത്തുന്ന മൂന്നാമത്തെ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി. ആചാരപരമായ സ്വീകരണത്തിന് ശേഷം രണ്ടു രാജ്യങ്ങളും സാമ്പത്തിക പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്ന പ്രതിനിധിതല ചർച്ചകൾക്ക് തുടക്കമിടും.

ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്........

ഊർജ്ജ സുരക്ഷ, ആരോഗ്യം ,ഔഷധ മേഖല എന്നിവ ഉൾപ്പെടെ നിർണ്ണായക തലങ്ങളിൽ സഹകരണം വർധിപ്പിക്കുന്ന ധാരണാ പത്രങ്ങൾ ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാനമന്ത്രിക്ക് നമീബിയയുടെ പരമോന്നത സിവിലിയൻ ബഹുമതിയും ഇന്ന് സമ്മാനിക്കും. നമീബിയയുടെ സ്ഥാപക പിതാവും ആദ്യ പ്രസിഡന്റുമായ ഡോക്ടർ സാം നുജോമയ്ക്ക് ആദരാഞ്ജലി അർപ്പിച്ച ശേഷം നരേന്ദ്രമോദി നമീബിയൻ പാർലമെന്റിനേയും അഭിസംബോധന ചെയ്യും.

കഴിഞ്ഞ ദിവസം ബ്രസീൽ പ്രസിഡന്റ് ലു ല ഡാ സിൽവയുമായി നരേന്ദ്രമോദിയുടെ കൂടിക്കാഴ്ചയിൽ കാർഷികമേഖല, സമ്പദ്‌വ്യവസ്ഥയ്ക്ക് നൽകുന്ന പ്രാധാന്യം ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി P. കുമരൻ അറിയിച്ചു. ഇരു രാജ്യങ്ങളും വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ സാങ്കേതിക അറിവുകൾ തുടങ്ങിയവയുടെ കൈമാറ്റം സംബന്ധിച്ച സഹകരനാം മെച്ചപ്പെടുത്താൻ പ്രധാനമന്ത്രി നിർദേശിച്ചതായും കുമരൻ പറഞ്ഞു.

✪✪✪

റോയിറ്റേഴ്സ് ഉൾപ്പെടെ അന്താരാഷ്ട്ര വാർത്താ ചാനലുകളെ തടയുന്ന ഒരു ഉത്തരവും കേന്ദ്രം പുറപ്പെടുവിപ്പിച്ചിട്ടില്ലെന്ന് ഇലക്ട്രോണിക്സ് & IT മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യയിലെ X-പ്ലാറ്റ്ഫോമിൽ റോയിറ്റേഴ്സിനെയും റോയിറ്റേഴ്സ് വേൾഡിനേയും ബ്ലോക്ക് ചെയ്തതായി കണ്ടെത്തിയ ഉടൻ വിലക്ക് നീക്കാനാവശ്യപ്പെട്ട് മന്ത്രാലയം കത്ത് നൽകിയിരുന്നുവെന്ന് മന്ത്രാലയത്തിന്റെ വിശദീകരണ കുറിപ്പിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ നിപ സമ്പർക്കപ്പട്ടികയിൽ 485 പേരാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. മലപ്പുറം ജില്ലയിൽ 192 പേരും, കോഴിക്കോട്ട് 114 പേരും, പാലക്കാട്ട് 176 പേരും, എറണാകുളത്ത് രണ്ട് പേരും, കണ്ണൂരിൽ ഒരാളുമാണ് പട്ടികയിൽ.

മലപ്പുറത്ത് 18 പേർ ചികിത്സയിലുണ്ട്. ഇതിലൊരാൾ അത്യാഹിത വിഭാഗത്തിലാണ്. മലപ്പുറം ജില്ലയിൽ ഇതുവരെ 42 സാമ്പിളുകൾ നെഗറ്റീവ് ആയതായും മന്ത്രി അറിയിച്ചു. പാലക്കാട്ട് മൂന്ന് പേരാണ് ഐസൊലേഷൻ ചികിത്സയിൽ കഴിയുന്നത്. സംസ്ഥാനത്ത് ആകെ 26 പേർ ഹൈയസ്റ്റ് റിസ്കിലും 117 പേർ ഹൈ റിസ്ക് വിഭാഗത്തിലും നിരീക്ഷണത്തിലാണ്.

✪✪✪

പ്രതിപക്ഷ സംയുക്ത ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും ആഹ്വാനം ചെയ്ത 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടങ്ങി. ഇന്ന് അർദ്ധ രാത്രിവരെയാണ് പണിമുടക്ക്. പണിമുടക്ക് രാഷ്ട്രീയപ്രേരിതമാണെന്ന നിലപാടിൽ BMS-ന്റെ തൊഴിലാളി സംഘടനകൾ പണിമുടക്കിൽ നിന്ന് വിട്ടുനിൽക്കുകയാണ്.

സംസ്ഥാന ഗവണ്മെന്റ് പണിമുടക്കിന് ഡയസ്നോൺ പ്രഖ്യാപിച്ചു. KSRTCയും KSEB-യും ഡയസ്നോൺ ഏർപ്പെടുത്തിയിട്ടുണ്ട്.

പൊലീസ് സുരക്ഷ നൽകിയാൽ KSRTCബസ്സുകൾ സർവീസ് നടത്തുമെന്ന് BMS തൊഴിലാളി സംഘടനകൾ അറിയിച്ചു. KSRTC സർവീസ് നടത്തുമെന്ന് മന്ത്രി KB ഗണേശ് കുമാർ ഇന്നലെ അറിയിച്ചിരുന്നു. കാലിക്കറ്റ്, എം ജി, കുഫോസ് സർവകലാശാലകൾ ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചിട്ടുണ്ട്.

✪✪✪

ദേശീയ പണിമുടക്കെന്ന പേരിൽ കേരളത്തിൽ അപ്രഖ്യാപിത ബന്ദ് നടത്താനാണ് ഭരണനേതൃത്വം ശ്രമിക്കുന്നതെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് ആരോപിച്ചു. ഇത് അങ്ങേയറ്റം ജനവിരുദ്ധമാണെന്നും പണിമുടക്ക് നേരിടാനാണ് സംസ്ഥാന ഗവൺമെന്റ് തയ്യാറാകേണ്ടതെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. പണിമുടക്കിലൂടെ ഉണ്ടാകുന്ന നഷ്ടം ആഹ്വാനം നൽകിയ തൊഴിലാളി സംഘടനാ നേതാക്കളിൽ നിന്ന് ഈടാക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നും രമേശ് ആവശ്യപ്പെട്ടു.

✪✪✪

കേരള സർവ്വകലാശാലയിലെ സംഘർഷത്തിൽ SFI സംസ്ഥാന സെക്രട്ടറി ഉൾപ്പെടെ 27 പേർക്കും കണ്ടാലറിയാവുന്ന ആയിരം പ്രവർത്തകർക്കുമെതിരെ പൊലീസ് കേസെടുത്തു. ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസ്. SFI സംസ്ഥാന സെക്രട്ടറി PS സഞ്ജീവാണ് കേസിലെ ഒന്നാംപ്രതി. പൊതുമുതൽ നശിപ്പിച്ചു, പൊലീസുകാരെയും സർവ്വകലാശാലാ ജീവനക്കാരെയും ദേഹോപദ്രവം ഏൽപ്പിച്ചു എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കേസ്.

✪✪✪

സംസ്ഥാനത്തെ സർവകലാശാലകളിൽ ഗവൺമെന്റ് സ്പോൺസേർഡ് സമരമാണ് SFI-യുടെ നേതൃത്വത്തിൽ നടത്തിയതെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. പൊലീസും ഇതിന് കൂട്ടുനിന്നതായി അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

കോഴിക്കോട്ടെ കോരപ്പുഴ ഡ്രഡ്ജിങ് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ മന്ത്രി AK ശശീന്ദ്രൻ നിർദേശം നൽകി. മാട്ടുവയൽ ഭാഗത്തെ കടൽഭിത്തി ഉയർത്താനും സംരക്ഷണഭിത്തി നിർമ്മിക്കാനും നിർദേശം വേഗത്തിൽ സമർപ്പിക്കും. അഴിമുഖത്തോട് ചേർന്ന് പുലിമുട്ട് നിർമ്മാണത്തിന് പഠനം നടത്താൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അവലോകനയോഗത്തിലാണ് മന്ത്രി ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയത്.

✪✪✪

2023-ലെ സംസ്ഥാന ജൈവവൈവിധ്യ-സംരക്ഷണ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതികളിൽ ഒന്നാം സമ്മാനം കാസർകോട് ജില്ലാ പഞ്ചായത്ത് BMC-യ്ക്കാണ്. എളവള്ളി ഗ്രാമപഞ്ചായത്ത് BMC രണ്ടാം സ്ഥാനം നേടി.

മികച്ച ജൈവവൈവിധ്യ സ്കൂളായി കാസർകോട് ബേക്കൽ ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിനെ തെരഞ്ഞെടുത്തു.

മികച്ച ഗവൺമെന്റ്-പൊതുമേഖലാ സ്ഥാപന വിഭാഗത്തിൽ കോട്ടയത്തെ മഹാത്മാഗാന്ധി സർവകലാശാല പുരസ്കാരം നേടി. കാവ് വിഭാഗത്തിൽ കോഴിക്കോട് പൊയിൽക്കാവാണ് പുരസ്കാരത്തിന് അർഹമായത്. ഹരിത വ്യക്തിയായി കൊല്ലത്തെ A ഫൈസലിനേയും, മികച്ച സസ്യജാലസംരക്ഷകനായി K. ശശീന്ദ്രനും, മികച്ച സംരക്ഷക കർഷകയായി V വാണിയേയും തെരഞ്ഞെടുത്തു. ജന്തുജാല സംരക്ഷണത്തിൽ വിധു രാജീവിനാണ് പുരസ്കാരം. മാധ്യമവിഭാഗത്തിൽ OC. മോഹൻരാജും, K. രാജേന്ദ്രനും പുരസ്കാരങ്ങൾക്ക് അർഹരായി.

✪✪✪

കേരളം നടപ്പിലാക്കിയ ഡിജിറ്റൽ സർവ്വേ രാജ്യം മാതൃക ആക്കണമെന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച നാഷണൽ സർവ്വേ കോൺക്ലേവ് അഭിപ്രായപ്പെട്ടതായി മന്ത്രി K രാജൻ പറഞ്ഞു.

മറ്റൊരു സംസ്ഥാനത്തിനും സാധിക്കാത്ത തരത്തിൽ സുതാര്യമായും വേഗതത്തിലും ജനപങ്കാളിത്തത്തോടു കൂടിയാണ് സംസ്ഥാനത്ത് ഡിജിറ്റൽ റീസർവേ നടക്കുന്നതെന്ന അദ്ദേഹം കാസർകോട്ട് പറഞ്ഞു. കോടോത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

രാജ്യത്ത് ആദ്യമായി പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി മനസിലാക്കി പ്രതികരിക്കാൻ ജനങ്ങളെ സജ്ജമാക്കുന്ന ലിവിങ്ങ് ലാബ് പദ്ധതിക്ക് കണ്ണൂർ കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ തുടക്കമായി.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി KO.ശശിധരൻ.

.........വോയ്സ്........

ദുരന്തങ്ങളിൽ അകപ്പെട്ടാൽ സ്വയം രക്ഷനേടാനും മറ്റുള്ളവരെ രക്ഷപ്പെടുത്താനുമുള്ള അറിവുള്ളവരായി ജനങ്ങളെ മാറ്റുക എന്നതാണ് 'ലിവിങ്ങ് ലാബ്' പദ്ധതിയുടെ ലക്ഷ്യം. മലയോര പഞ്ചായത്തായ കണിച്ചാറിലെ ഏലപ്പീടികയിൽ പദ്ധതിയുടെ ഭാഗമായി കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ നേരിട്ട് ജനങ്ങളുടെ ഫോണിലേക്ക് എത്തും. ഇതുവഴി ദുരന്ത സാധ്യത മുൻകൂട്ടി അറിയാനും ജാഗ്രത പാലിക്കാനും സാധിക്കും. മുതിർന്നവർ മുതൽ കുട്ടികൾ വരെ എല്ലാവർക്കും ശാസ്ത്രീയ പരിശീലനവും നൽകുിവരുന്നുണ്ട് . ആദ്യഘട്ടമായി പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള 50 കുട്ടികൾക്ക് ദുരന്ത പ്രതിരോധത്തിനായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പരിശീലന ക്യാമ്പുകൾ നടത്തി. കൂടാതെ അറുപതോളം സന്നദ്ധരായ ആളുകളെ ചേർത്ത് ജനകീയ ദുരന്ത പ്രതികരണ സേനയും രൂപീകരിച്ചു. സംസ്ഥാന ദുരന്തനിവാരണ വകുപ്പ് നടത്തിയ പഠനത്തിൽ, പഞ്ചായത്തിലെ 8.86 ചതുരശ്ര കിലോമീറ്റർ പ്രദേശം തീവ്രമോ അതിതീവ്രമോ ആയ മണ്ണിടിച്ചിൽ സാധ്യതയുള്ളതാണെന്ന് കണ്ടെത്തിയിരുന്നു.

✪✪✪

സംസ്ഥാനത്ത് കാലവർഷം സജീവമായി തുടരുന്നു. ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ ശക്തമായ മഴ സാധ്യത മുൻനിർത്തി മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കർണാടക തീരമേഖലയിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

കാസർകോട് ജില്ലയ്ക്ക് സംസ്ഥാന മത്സ്യവകുപ്പ് ഏർപ്പെടുത്തിയ മികവിന്റെ പുരസ്കാരം ലഭിച്ചു. ഈ വർഷത്തെ അവാർഡുകളിൽ ജില്ലയിൽ നിന്ന് രണ്ട് കർഷകരാണ് അവാർഡ് നേടിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി പി. ജഗന്നിവാസൻ...

.......വോയ്സ്.......

✪✪✪

വിവരാവകാശ അപേക്ഷകൾക്ക് ഫയൽ കാണാനില്ല എന്ന ഗവൺമെന്റ് ഓഫീസുകളുടെ മറുപടി നിയമപ്രകാരം അംഗീകൃത മറുപടിയല്ലെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A. അബ്ദുൾ ഹക്കീം വ്യക്തമാക്കി. ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ അത് ലഭ്യമായ മറ്റ് ഓഫീസുകളിലേക്ക് അയച്ചുകൊടുത്ത് മറുപടി നൽകണം. ഫയലിൽ വിവരമുണ്ടെങ്കിൽ അത് നൽകാൻ 30 ദിവസം വരെ കാത്തുനിൽക്കരുതെന്നും കൊല്ലത്തെ ഹിയറിംഗിൽ അദ്ദേഹം പറഞ്ഞു.

✪✪✪

ദേശി അജയ്കുമാർ റായിയുടെ മൃതദേഹം ഇന്നലെ രാത്രിയോടെ കണ്ടെത്തി. അപകടത്തിൽപ്പെട്ട  എസ്കവേറ്ററിൽ നിന്നാണ് ശരീരം വീണ്ടെടുത്തത്. 20 മീറ്ററോളം ആഴത്തിൽ പാറക്കഷ്ണങ്ങൾക്കിടയിലായിരുന്നു മൃതദേഹം കുടുങ്ങിക്കിടന്നത്.

✪✪✪

ചരിത്രപ്രസിദ്ധമായ ആലപ്പുഴ ചമ്പക്കുളം മൂലം ജലോത്സവം ഇന്ന്. ഉച്ചകഴിഞ്ഞ് ചമ്പക്കുളത്ത് പമ്പയാറ്റിലെ  ജലോത്സവം മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ഏറ്റവും പാരമ്പര്യമേറിയ വള്ളംകളിയാണ് ചമ്പക്കുളം മൂലം വള്ളംകളി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രവികുമാർ...

..........വോയ്സ്.......

കേരളത്തിലെ വള്ളംകളി കാലത്തിന്റെ തുടക്കം കുറിക്കുന്ന ചമ്പക്കുളം മൂലം വള്ളംകളിക്ക് പിന്നിൽ  അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ വിഗ്രഹ പ്രതിഷ്ഠയുടെ സ്മരണകളാണ് ഉള്ളത്.ചങ്ങനാശ്ശേരി കറിച്ചി കരിങ്കുളം ക്ഷേത്രത്തിൽ നിന്നും അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലേക്കുള്ള പ്രതിഷ്ഠാ വിഗ്രഹം വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ചമ്പക്കളത്ത് എത്തി മാപ്പിളശ്ശേരി തറവാട്ടിൽ ഇറക്കിവെച്ച് അവിടെ നിന്നും കളിവള്ളങ്ങളുടെ അകമ്പടിയോടെ ചെമ്പകശ്ശേരി രാജാവ് അമ്പലപ്പുഴക്ക് കൊണ്ടുപോയതിന്റെ ചരിത്രസ്മരണയാണ് ഈ ജലോത്സവം. ആദ്യാകലത്ത് ഇത് അമ്പലപ്പുഴ മൂലക്കാഴ്ചയായിരുന്നു, പിന്നീടാണ് ചമ്പക്കുളം മൂലം വള്ളംകളിയായി മാറിയത്.

ഈ വർഷം കേരളത്തിലെ പ്രമുഖങ്ങളായ 5 ചുണ്ടൻ വള്ളങ്ങൾ, 3 എ ഗ്രേഡ് വെപ്പ് വള്ളങ്ങൾ, 3 ബി ഗ്രേഡ് വെപ്പ് വള്ളങ്ങൾ എന്നിങ്ങനെ 11 വള്ളങ്ങൾ ഈ ജലോത്സവത്തിൽ പങ്കെടുക്കുന്നു.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*NRT : അനിൽ ചന്ദ്രൻ,*
*CNRT : സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*